**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 133** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കായിക താരങ്ങളോടുള്ള അവഗണന</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ജ്യോതികുമാർ ചാമക്കാല | ശ്രീ. ഒ. ജെ. ജനീഷ് |
| ശ്രീ. മനോജ് മൂത്തേടൻ | (കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, |
| ശ്രീ. വി. പി. സജീന്ദ്രൻ | മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി) |
| ശ്രീ. സുമേഷ് അച്യുതൻ | |

**(എ)** മുൻ സർക്കാരിന്റെ കാലത്ത് സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് അർഹതപ്പെട്ട സ്പോർട്സ് കിറ്റുകൾ സ്പോർട്സ് കൗൺസിൽ വിതരണം ചെയ്യാതെ ഉപേക്ഷിച്ചു എന്ന് ധനകാര്യ വിഭാഗത്തിന്റെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2025-26 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ സ്പോർട്സ് ഉപകരണങ്ങളുടെ വിതരണത്തിലെ കാലതാമസം സംബന്ധിച്ച ഖണ്ഡിക ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെയും നിലവിലെ സ്ഥിതിയുടെയും റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സ്പോർട്സ് കൗൺസിൽ ഓഡിറ്റ് കാര്യാലയത്തിൽ നിന്നും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നുവെന്നും പ്രസ്തുത കത്തിൽ താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നുവെന്നും പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് വിഭാഗത്തിന് 03.09.2026 ലെ KSSC/1131/2026-P1 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിരുന്നുവെന്നും സ്പോർട്സ് കൗൺസിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

i. വിവിധ വർഷങ്ങളിൽ വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളുടെ എണ്ണം പരിശോധിക്കാൻ സാധിക്കാത്ത നിലയിൽ പൊടിപിടിച്ച് കൂട്ടിയിട്ട അവസ്ഥയിൽ കാണപ്പെട്ടു. ഉപകരണങ്ങൾ റാക്കുകളിൽ സൂക്ഷിക്കാത്തതിനാൽ വേഗത്തിൽ ഈർപ്പം ബാധിച്ച് ഉപയോഗശൂന്യമാകാനുള്ള സാധ്യതയുണ്ട്.

ii. സ്പോർട്സ് ഷൂ, ബാഗ് ഉൾപ്പെടെ വിലകൂടിയ സ്പോർട്സ് സാമഗ്രികൾ യഥാസമയം വിതരണം നടത്താതെയിരുന്നതിനാൽ ഉപയോഗശൂന്യമായിരിക്കുന്നു.

iii. സ്പോർട്സ് ഡയറികൾ വർഷങ്ങളായി വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു.

iv. കുട്ടികൾക്കും കോച്ചുകൾക്കുമായി ഓരോ വർഷവും നിശ്ചയിക്കുന്ന കളറിലെ ജഴ്സികൾ വിവിധ വർഷങ്ങളിലേത് പെട്ടികൾക്കകത്തും തറയിലുമായി വിതരണം നടത്താതെ സൂക്ഷിച്ചിട്ടുണ്ട്.

v. ആവശ്യകത ഉറപ്പുവരുത്താതെയാണ് ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്നത്. ഇക്കാരണത്താൽ കാലാവധി കഴിഞ്ഞ ശേഷവും വിതരണം പൂർത്തിയാക്കാനാവാത്ത സ്ഥിതിയുണ്ട്.

vi. സ്പോർട്സ് ഉപകരണങ്ങൾ തരംതിരിച്ച് ക്രമീകരിച്ച ശേഷം പരിശോധനയ്ക്ക് ലഭ്യമാക്കാമെന്ന് സ്റ്റോറിന്റെ ചുമതലപ്പെട്ടവർ അറിയിച്ചിരുന്നെങ്കിലും പാലിച്ചിട്ടില്ല.

vii. സ്റ്റോറിന്റെ ഉത്തരവാദിത്വം പൂർണ്ണമായും സെക്ഷൻ ക്ലാർക്കിൽ മാത്രം നിക്ഷിപ്തമാക്കാതെ നിശ്ചിത ഇടവേളകളിലെങ്കിലും കൗൺസിലിന്റെ ചുമതലപ്പെട്ട ടെക്നിക്കൽ ഓഫീസർ/അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ പരിശോധന നടത്തി വിതരണം, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

**(ബി)** പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് വിഭാഗത്തിന് സ്പോർട്സ് കൗൺസിൽ മറുപടി നൽകിയിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വിവിധ ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ മത്സരങ്ങളിൽ പങ്കെടുത്തവർക്കുള്ള ഔദ്യോഗിക ട്രാക്ക് സ്യൂട്ട് രണ്ട് വർഷമായി നൽകിയിരുന്നില്ലായെന്നും ഇവർക്കെല്ലാം അവകാശപ്പെട്ട ഉപകരണങ്ങളാണ് തലസ്ഥാനത്തെ ഗോഡൗണിൽ പൊടി പിടിച്ചു നശിച്ചിരുന്നതെന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സ്പോർട്സ് കൗൺസിലിന്റെ ഗോഡൗണിൽ കായിക ഉപകരണങ്ങളും, ട്രാക്ക് സ്യൂട്ടുകളും കായിക താരങ്ങൾക്ക് നൽകാതെ നശിക്കുന്നു എന്ന19.07.2026 - ൽ മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്ത സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റ് പരിശീലകരുടേതിന് സമാനമായി ഏകീകരിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്ക് സ്യൂട്ട് ലഭിക്കാത്ത സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

നിരവധി പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടര്ന്ന് കായിക മന്ത്രി 23.07.2026 ൽ Sports Council ആസ്ഥാനത്ത് മിന്നൽ സന്ദർശനം നടത്തുകയും അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓഫീസിലും 14 ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ "ഓപ്പറേഷൻ കളിക്കളം" എന്ന പേരിൽ 24.09.2026 -ൽ മിന്നൽ പരിശോധന നടത്തിയിരുന്നു. പല ജില്ലകളിലും സ്പോർട്സ് ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്ത ശേഷം സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താതിരിക്കുന്നതായും, കൃത്യമായി വിതരണം നടത്താതിരിക്കുന്നതായും വിതരണം നിർവ്വഹിക്കുന്ന ഘട്ടത്തിലും ശരിയായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരുത്തുന്നില്ലായെന്നും, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതായും പ്രാഥമികമായി ശ്രദ്ധയിൽപ്പെട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദമായ തുടർപരിശോധന നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**